

FRIDAY 09/01/2026 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 9/01/2026

1. കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് 2025 റാബി-II സീസൺ പദ്ധതിയിലേക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ജനുവരി 15 വരെ ദീർഘിപ്പിച്ചു. കാലാവസ്ഥ വ്യതിയാനങ്ങൾ മൂലമുള്ള കൃഷിനാശത്തിൽ നിന്നും കർഷകർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്നത് ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി. കൂടുതൽ വിവരങ്ങൾക്ക്: www.pmfby.gov.in സന്ദർശിക്കുക അല്ലെങ്കിൽ അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. സാമൂഹികാടിസ്ഥാനത്തിൽ വിത്ത് ബാങ്കുകളുടെ പരിപാലനം – ആവശ്യകതകൾ എന്ന വിഷയത്തിൽ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിലെ പരിസ്ഥിതി ഇക്കോളജി വകുപ്പ് തയ്യാറാക്കിയ ഡ്രാഫ്റ്റിൻമേൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BIS) ദേശീയ തലത്തിലുള്ള സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷൻ സംഘടിപ്പിക്കുന്നു. ഇതു സംബന്ധിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കാൻ 2026 ജനുവരി 9ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ നടത്തുന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഓൺലൈൻ (webex) മീറ്റിങ്ങിൽ നിങ്ങൾക്കും പങ്കുചേരാം. രജിസ്ട്രേഷൻ ലിങ്ക് https://lnkd.in/gVxAyhFZ . പങ്കെടുക്കുന്നവർ ഡ്രാഫ്റ്റ് ഡോക്യുമെന്റ് ശ്രദ്ധാപൂർവം പരിശോധിച്ച്, നിർദേശിച്ചിരിക്കുന്ന ഫോർമാറ്റിൽ അവരുടെ അഭിപ്രായങ്ങൾ സമർപ്പിക്കേണ്ടതാണ്. ഡോക്യുമെന്റ് ലഭിക്കാൻ https://lnkd.in/gxQR8fKa എന്ന വെബ്സൈറ്റ് സന്ദർശിക്കുക. സാങ്കേതിക വിദഗ്ധർക്കും മലയാളത്തിൽ ആശയ വിനിമയം നടത്താം. മീറ്റിങ്ങിന്റെ മീഡിയം ഇംഗ്ലീഷ് ഭാഷയിൽ ആയിരിക്കും.

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനക്കുള്ള ബി. വി. 380 കോഴികുഞ്ഞുങ്ങൾക്ക് 175/- രൂപ നിരക്കിൽ ബുക്കിങ് ആരംഭിച്ചു. 9400483754 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ ബുക്ക് ചെയ്യേണ്ടതാണ്.

## പരിശീലന പരിപാടി

4. വെള്ളാനിക്കരയിലെ കാർഷിക കോളേജിലെ കാർഷിക സ്ഥിതിവിവരക്കണക്ക് വകുപ്പുമായി സഹകരിച്ച് കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള സെന്റർ ഫോർ ഇ-ലേണിംഗ് (സിഇഎൽ) 'അഡ്വാൻസ്ഡ് ഡാറ്റ അനാലിസിസ് യൂസിംഗ് ആർ'

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2026 ജനുവരി 19 മുതൽ 23 വരെ ഉച്ചയ്ക്ക് 2 മുതൽ 5 വരെയാണ് പരിപാടി. രജിസ്ട്രേഷനുള്ള അവസാന തീയതി 2026 ജനുവരി 16 ആണ്. പരിശീലന ഫീസ് 1000 /- രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487 2438565, 8547837256, 9495943875 വെബ്സൈറ്റ് www.celkau.in ഈ മെയിൽ cel@kau.in

5. തലയോലപ്പറമ്പ് മൃഗസംരക്ഷണം പരിശീലന കേന്ദ്രത്തിൽ വച്ച് 2026 ജനുവരി മാസം കർഷകർക്കായി വിവിധ വിഷയങ്ങളിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചിരിക്കുന്നു. ജനുവരി 9 ന് അടുക്കള മുറ്റത്തെ കോഴിവളർത്തൽ –ആധുനിക പ്രവണതകൾ, 12 ന് സുസ്ഥിര ഡയറി ഫാമിംഗ്-അടിസ്ഥാന ആവശ്യകത, 21 ന് ആദായകരമായ പോത്ത് വളർത്തൽ, 23 ന് തെരുവുനായ നിയന്ത്രണവും സാമൂഹിക പ്രശ്നങ്ങളും എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർ 04829-234323 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ് .

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ .ആർ.റ്റി.) ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ജനുവരി 19 മുതൽ 23 വരെ നടത്തും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9497487209, 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ training@rubberboard.org.in

## കാർഷിക നിർദേശം

7. കുരുമുളക് വേര് പിടിപ്പിക്കേണ്ട സമയമായി. പെട്ടെന്ന് വേര് പിടിക്കുന്നതിനായി തണ്ടിന്റെ ചുവടറ്റം ഒരു ഗ്രാം IBA ഒരു ലിറ്റർ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെള്ളത്തിൽ ലയിപ്പിച്ച ലായനിയിൽ 45 സെക്കന്റ് നേരം മുക്കി നട്ടാൽ മതിയാകും. ചെറുകൊടികൾക്ക് തണൽ നൽകി സംരക്ഷിക്കണം. കൊടിയുടെ ചുവട്ടിൽ പുതയിടുന്നത് ഉണക്കിന്റെ കാഠിന്യം കുറയ്ക്കാൻ സഹായിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം